(ബി) ഡി. എച്ച്. എം.എസ്. ഡിപ്ലോമാ പാസായവർക്കു വേണ്ടി ഗ്രേഡഡ് ഡിഗ്രി കോഴ്സ് സംസ്ഥാനത്ത് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് എന്ന് എവിടെ തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഇ) ചികിൽസാ നിർണ്ണയത്തിനു വേണ്ടി അലോപ്പതി ആശുപത്രികളിൽ ഉള്ളതുപോലെ ആധുനിക ഉപകരണങ്ങളും ഹോമിയോപ്പതി ആശുപത്രികളിലേക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ):

(എ) ഹോമിയോ വകുപ്പിൽ ഡി.എച്ച്. എം. പാസ്സായവർക്ക് പ്രതിമാസം 75 രൂപാ വീതവും ഡി.എച്ച്.എം.എസ്. പാസായവർക്ക് പ്രതിമാസം 145 രൂപാവീതവും അലവൻസ് നൽകുന്നുണ്ട്. സ്റ്റേറ്റിലെ മെഡിക്കൽ കോളേജുകളിൽനിന്നും അലോപ്പതി കോഴ്സുകളും പാസ്സായി ഇന്റേൺഷിപ്പു നടത്തുന്ന ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം 300 രൂപ അലവൻസ് നൽകുന്നുണ്ട്. ആയുർവേദ വകുപ്പിൽ ബി.എ.എം. ഇന്റേൺഷിപ്പു വിദ്യാർത്ഥികൾക്കു പ്രതിമാസം 200 രൂപ വീതവും, ഡി. എ. എം. ഇന്റേൺഷിപ്പു വിദ്യാർത്ഥികൾക്കു പ്രതിമാസം 150 രൂപ വീതവും അലവൻസ് നൽകിവരുന്നു.

(ബി) ഉണ്ട്.

(സി, ഡി) ഇക്കാര്യങ്ങൾ ഇനിയും തീരുമാനിച്ചു കഴിഞ്ഞിട്ടില്ല. അടുത്ത സാമ്പത്തിക വർഷത്തിൽ തീരുമാനിക്കുന്നതാണ്.

(ഇ) തക്കതായ നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചു വരുന്നുണ്ട്.

എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയുടെ പ്രവർത്തനം

* 525 [556] ശ്രീ. ആർ. സുന്ദരേശൻ നായർ:

,, വട്ടിയൂർക്കാവ് രവി:

,, എസ്. തങ്കപ്പൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് (ഇ.എസ്.ഐ.) പദ്ധതിയുടെ പ്രവർത്തനം 1978-79 സാമ്പത്തിക വർഷത്തിൽ ഏതെങ്കിലും പുതിയ വ്യവസായമേഖലകളിലേക്കുകൂടി വ്യാപിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസായങ്ങളിൽ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം.കെ. രാഘവൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly